LIBRARY ARCHIVES Kerala Legislative Assembly

ഗ്ലാസ്, സ്റ്റീൽ, ഫാക്ടറികൾ

* 726. [15] ശ്രീ. സി. ജെ. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കരുപ്പുറത്ത് ഗ്ലാസ്, സ്റ്റീൽ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ആരെങ്കിലും വ്യവസായ വികസനപദ്ധതികൾ ആവിഷ്കരിക്കാൻ ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു പദ്ധതിയാണ് ആലോചിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ഈ സംസ്ഥാനത്തു് ഒരു ഷീറ്റ് ഗ്ലാസ് ഫാക്ടറി സ്ഥാപിക്കുന്നതിനെപ്പറ്റി പ്ലാനിംഗ് കമ്മിഷനുമായി ആലോചിക്കുന്നുണ്ട്, രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഒരു ഷീറ്റ് ഗ്ലാസ് ഫാക്ടറി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ ഫാക്ടറി കരുപ്പുറത്തു് ആയിരിക്കണമെന്നു് ഗവണ്മെൻറിനു് ആഗ്രഹമുണ്ട്. എങ്കിലും അവസാനതീരുമാനം സാങ്കേതിക പരിശോധനകളെ ആശ്രയിച്ചിരിക്കും. ഇതിനും പുറമെ കരുപ്പുറത്തു് ഒരു മണ്ണലിഷ്ടിക ഫാക്ടറി തുടങ്ങുന്നതും ആലോചനയിലിരിക്കുകയാണ്.

വിദ്യാർത്ഥിക്യാമ്പുകൾ

* 727. [16] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ ;

(എ) 1955 മദ്ധ്യവേനൽ ഒഴിവുകാലത്തു് നമ്മുടെ സംസ്ഥാനത്തു എത്ര യുവജനവിദ്യാർത്ഥിക്യാമ്പുകൾ നടത്തപ്പെട്ടു; ഇവയിൽ എത്രയെണ്ണം മഹിളകൾക്കായി സംഘടിക്കപ്പെട്ടിരുന്നു. ആകെ എത്രപേർ വീതം ഓരോ ക്യാമ്പിലും പങ്കെടുത്തു ;

(ബി) ഈ ക്യാമ്പുകളുടെ പ്രവർത്തനം ആരുടെ നിയന്ത്രണത്തിലാണു നടന്നതു് ;

(സി) ഈ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനു ആകെ എത്ര ചെലവായി; ഈ ക്യാമ്പുകളുടെ പ്രവർത്തനത്തിൽ നിന്നുള്ള മൊത്തം ഔട്ട്പുട്ട് എത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1955 മദ്ധ്യവേനൽ ഒഴിവുകാലത്തു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻറെയോ യൂണിവേഴ്സിറ്റിയുടേയോ ആഭിമുഖ്യത്തിൽ യാതൊരു യുവജനവിദ്യാർത്ഥിക്യാമ്പും നടത്തിയതായി അറിവില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

രണ്ടാംപഞ്ചവത്സരപദ്ധതി.

* 728. [17] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ ?

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ചേർക്കേണ്ടതായ തിരുവിതാംകൂർ കൊച്ചിയുടെ സ്റ്റേറ്റ് പ്ലാനിൻറെ നക്കൽ പൂത്തിയായോ ?

(ബി) ഉണ്ടെങ്കിൽ അതു് കേന്ദ്രത്തിലേക്കു് അയച്ചുകഴിഞ്ഞോ?

(സി) ഈ ഡ്രാഫ്റ്റ് പ്ലാൻ ഏതു തരത്തിലാണു്? ആരുടെയെല്ലാം നിർദ്ദേശങ്ങളും സ്വീകരിച്ചാണു് രൂപീകരിച്ചിട്ടുള്ളതു്?

(ഡി) ഓരോ നിയോജകമണ്ഡലത്തിലേയും എം. എൽ. എ. മാരുടേയും, എം. പി. മാരുടേയും നിർദ്ദേശം അതതു നിയോജകമണ്ഡലത്തിലെ പദ്ധതി രൂപവൽക്കരണത്തിനു് ആരാഞ്ഞിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പുത്തിയായി.

(ബി) അയച്ചുകഴിഞ്ഞു.

(സി) വകുപ്പു് മേലദ്ധ്യക്ഷന്മാരുടെ സഹായാർശ അനുസരിച്ചു് ഗവണ്മെന്റു് സ്വീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളേയും, ഡിസ്ട്രിക്ട് ഡവലപ്പുമെന്റു് കമ്മിറ്റിയുടെ സഹായാർശങ്ങളേയും, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളേയും പ്ലാനിംഗ് അഡ്വൈസറി ബോർഡിന്റെ തീരുമാനങ്ങളേയും അടിസ്ഥാനമാക്കിയാണു് പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടുള്ളതു്.

(ഡി) എം. എൽ. എ. മാർ, എം. പി. മാർ മറ്റു പൊതുപ്രവർത്തകന്മാർ ഇവർ ഉൾപ്പെട്ട താലൂക്കു് കമ്മിറ്റികളും ഡിസ്ട്രിക്റ്റു് കമ്മിറ്റികളും സ്റ്റേറ്റു് ബോർഡും ഓരോ മണ്ഡലത്തിലും വേണ്ട പ്ലാനിനെപ്പറ്റി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

മിനിമംവേജ്

*729. [18] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മിനിമംവേജ് ആവശ്യപ്പെടുന്നതുകൊണ്ടു് തൊഴിലില്ലാതായിത്തീരുന്ന കയറുതൊഴിലാളികളുടെ റിലീഫിനുവേണ്ടി സർക്കാർ എന്തു നടപടി നടത്തി;

(ബി) റിലീഫിനുവേണ്ടി ഈ സഭ പാസാക്കിയ 15 ലക്ഷം രൂപ വിനിയോഗിക്കാൻ തയ്യാറാകാത്തതെന്തു്;

(സി) ഈ തുക പ്രയോജനകരമായ നിലയിൽ തൊഴിലാളികൾക്കുവേണ്ടി ചെലവഴിക്കാൻ സർക്കാരിനെ ഉപദേശിക്കാൻ ഒരു കമ്മറ്റിയെ നിയമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമംവേജസ് ഊർജ്ജിതമായി നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു നൽകിയിട്ടുണ്ടു്. കൂടാതെ മിനിമംവേജസിൽ കുറഞ്ഞകൂലി നൽകുന്നതു സംബന്ധിച്ചു പരാതികൾ കേട്ടു തീരുമാനിക്കുന്നതിനു് ഏല്ലാ താലൂക്കാസ്ഥാനങ്ങളിലും "ക്ലെയിംസ് അതോറിറ്റി"കളായി പ്രഖ്യാപിക്കുകയും ചെയ്തു. മിനിമംവേജസ് ആവശ്യപ്പെടുന്നതുകൊണ്ടു് തൊഴിലില്ലാതായിത്തീരുന്ന കയർ തൊഴിലാളികളുടെ റിലീഫിനു വേണ്ടി പ്രത്യേകമായി ഒന്നും ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly